Ac.H/14/07/25

# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം - 2025

## സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

## കോളേജിൽ ഹാജരാകേണ്ട തീയതി - ജൂലൈ 16

### നിർദ്ദേശങ്ങൾ

- കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.
- വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് "SPORTS QUOTA" എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്.
- പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ **ജൂലൈ 16, പകൽ 12.00 മണിക്ക് മുൻപായി എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.**
- **പ്രൊഫൈലിൽ വിദ്യാർത്ഥി നൽകിയിട്ടുള്ള കോഴ്സുകളിലേക്ക് മാത്രമേ പ്രവേശനം നേടാൻ സാധിക്കുകയുള്ളൂ.**
- **എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് കൗൺസിലിങ് നടത്തുന്നത്.** അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

- ❖ രക്ഷകർത്താവ്/പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട സാക്ഷ്യപത്രം (Authorization letter) എന്നിവ ഹാജരാക്കേണ്ടതാണ്.
- ❖ രാവിലെ 12 മണിക്ക് മുൻപായി തന്നെ വിദ്യാർത്ഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരാകേണ്ടതാണ്.
- ❖ വിദ്യാർത്ഥിക്ക് ലഭിച്ച റാങ്ക് അനുസരിച്ചാണ് കൗൺസിലിങ്. ആയതിനാൽ റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥിയോ പ്രതിനിധിയോ ഹാജരാകാത്ത പക്ഷം റാങ്ക് ലിസ്റ്റിലെ അടുത്ത ആളെ പരിഗണിക്കുന്നതാണ്. ഇങ്ങനെ സീറ്റ് നഷ്ടപ്പെടുന്ന വിദ്യാർത്ഥികളെ പ്രസ്തുത സീറ്റിലേക്ക് പിന്നീട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
- ❖ അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർത്ഥി നേരിട്ടെത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.
- ❖ നിലവിൽ മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ പ്രസ്തുത അഡ്മിറ്റ് മെമ്മോ ഹാജരാക്കേണ്ടതാണ്. അങ്ങനെയുള്ളവർ സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സിയും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേതാണ്. പ്രിൻസിപ്പൽ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിങ്ങിൽ നികത്തുന്നതുമാണ്. ഇങ്ങനെ സീറ്റ് നഷ്ടപ്പെടുന്ന വിദ്യാർത്ഥികളെ

പ്രസ്തുത സീറ്റിലേക്ക് പിന്നീട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

- വിദ്യാർത്ഥികൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വെരിഫിക്കേഷൻ നടത്തിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. **ഒറിജിനൽ സർട്ടിഫിക്കറ്റുകൾ അതാത് കോളേജുകളിൽ പരിശോധിക്കുന്നതാണ്. ഈ ഘട്ടത്തിൽ സർട്ടിഫിക്കറ്റുകളിൽ എന്തെങ്കിലും തെറ്റുകുറ്റങ്ങൾ കണ്ടെത്തിയാൽ അഡ്മിഷൻ നിരസിക്കുന്നതാണ്.**
- **പ്രൊഫൈലിൽ നൽകിയിട്ടില്ലാത്ത സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ അഡ്മിഷൻ സമയത്ത് പരിഗണിക്കുന്നതല്ല.**
- അഡ്മിഷൻ ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിലൂടെ ഓൺലൈനായി അടക്കേണ്ടതാണ്. ആയതിലേക്കുള്ള ലിങ്ക് കോളേജിൽ നിന്നും ആക്ടീവാക്കി നൽകുന്നതാണ്.
- വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് https://admissions.keralauniversity.ac.in/pg2025. സന്ദർശിക്കുക.

- ഹെൽപ് ലൈൻ നമ്പർ: 8281883052

**രജിസ്ട്രാർ**

14/07/2025